ഉത്തരം

(എ) സർവ്വകലാശാലകളുടെ അക്കാഡമിക് ബോഡികളാണ് വിദൂര വിദ്യാഭ്യാസംമുഖേന നേടുന്ന ബിരുദാനന്തര ബിരുദങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത്. സർവ്വകലാശാലകൾ അംഗീകാരം നൽകിയ ബിരുദ, ബിരുദാനന്തര ബിരുദങ്ങൾ എന്നിവ സംബന്ധിച്ച വിവരം സർവ്വകലാശാലകളുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഹയർസെക്കന്ററി വകുപ്പിലെ സ്പെഷ്യൽ റൂളിൽ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകൾ റെഗുലർ പഠനത്തിലൂടെ നേടിയിരിക്കണമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ടി നിബന്ധന വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ സ്പെഷ്യൽ റൂളിൽ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കായികസർവ്വകലാശാല

123(3041) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇപ്രകാരം ഒരു സർവ്വകലാശാല സ്ഥാപിക്കുന്നത് ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കായിക വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനും കായിക പരിശീലനത്തിനുമായി ദേശീയ നിലവാരത്തിലുള്ള ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കായിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly